**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## തന്റെ ജീവിതം മാറ്റി മറിച്ചതു യേശുക്രിസ്തുവാണെന്ന് എം ജി ശ്രീകുമാർ



യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നയാളാണ് താനെന്ന് പ്രശസ്ത ഗായകൻ എം.ജി ശ്രീകുമാർ. ക്രിസ്തു മതത്തിൽ വിശ്വാസിക്കുന്നുവെന്ന് തുറന്നു പറഞ്ഞിരിക്കുകയാണ് എം.ജി ശ്രീകുമാർ. ക്രിസ്തുമസിനോട് അനുബന്ധിച്ച് എഴുതിയ ലേഖനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കുന്നത്.

താൻ യേശുവിൽ വിശ്വസിക്കുകയും യേശുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നയാളാണ്. എന്തുകാര്യം ചെയ്യുന്നതിനുമുൻപും യേശു ദേവനോട് പ്രാർത്ഥിക്കുമെന്നും ശ്രീകുമാർ പറയുന്നു. തന്റെ ജീവിതം മാറ്റി മറിച്ചതു തന്നെ ക്രിസ്തുവാണെന്നും അദ്ദേഹം പറയുന്നു.

വ്യക്തിയെ തന്നെ മാറ്റി മറിക്കാനുള്ള അസാധാരണമായ ശക്തി ദൈവപുത്രനായ യേശുക്രിസ്തുവിൽ ഉണ്ടെന്നും അദ്ദേഹം പറയുന്നു. യേശുവിന്റെ ത്യാഗ പൂർണമായ ജീവിതത്തെക്കുറിച്ചും ശ്രീകുമാർ ലേഖനത്തിലൂടെ ഓർമപ്പെടുത്തുന്നുണ്ട്.

യേശു അനുഭവിച്ച പീഡനങ്ങളും കുരിശുമരണവും എടുത്തു പറയുന്നുണ്ട്. എല്ലാവർക്കും ക്രിസ്തുമസ് ആശംസകളും എം.ജി ശ്രീകുമാർ നേരുന്നുണ്ട്. നക്ഷത്രവിളക്കുകളിൽ നിന്നുള്ള പ്രകാശം പോലെ എല്ലാ ഹൃദയങ്ങളിലും നന്മയും സ്നേഹവും പ്രസരിക്കട്ടെയെന്നും അദ്ദേഹം പറയുന്നു.

കടപ്പാട്: മലയാളി വാർത്ത